# എൻജിനീയറിങ് രാജ്യാന്തര സെമിനാർ

കോയമ്പത്തൂർ● അമൃത വിശ്വ വിദ്യാപീഠം സിവിൽ എൻജിനീയറിങ് വകുപ്പ് കോൺക്രീറ്റ് നിർമ്മാണത്തിലെ നൂതന വിദ്യകളുമായി ബന്ധപ്പെട്ട് രാജ്യാന്തര സെമിനാർ നടത്തി.

അസോസിയേഷൻ ഓഫ് കൺസൽട്ടിങ് സിവിൽ എൻജിനീയറിങ് അസോസിയേഷൻ, ഇന്ത്യൻ കോൺക്രീറ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ചേർന്നാണ് സെമിനാർ ഒരുക്കിയത്. വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയ പ്രാക്ടീസിങ് എൻജിനീയർമാർ, സർക്കാർ വകുപ്പുകളിലെ എൻജിനീയർമാർ, ആർക്കിടെക്റ്റുകൾ, എന്നിവരടക്കം ഇരുനൂറോളം പേർ പങ്കെടുത്തു. 862 പ്രബന്ധങ്ങൾ ചർച്ച ചെയ്തു.

കെഇഎഫ് കട്ടേര ഗ്രൂപ്പ് എൻജിനീയർ ഡി.ട്രൈഫൺ, എൻജിനീയർ എസ്.സത്യശീലൻ, എൻജിനീയർ പി.സൂര്യ പ്രകാശ്,അമൃത വിശ്വവിദ്യാപീഠം സിവിൽ എൻജിനീറിങ് വകുപ്പ് ചെയർപഴ്സൺ പ്രഫ.കെ.എം.മിനി എന്നിവർ പ്രസംഗിച്ചു.